**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4441** **10-08-2021 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി മണ്ഡലത്തിലെ ഹോർട്ടികോർപ്പ് സ്റ്റാളുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പച്ചക്കറി വില നിയന്ത്രണത്തിൽ ഹോർട്ടികോർപ്പ് സ്റ്റാളുകൾ എന്തു പങ്കാണ് വഹിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | പൊതുവിപണിയിലെ സംഭരണ വിലയെക്കാൾ 10% അധികം നൽകിയാണ് ഹോർട്ടികോർപ്പ് കർഷകരിൽ നിന്ന് പച്ചക്കറികൾ സംഭരിക്കുന്നത്. തിരഞ്ഞെടുക്കുന്ന പച്ചക്കറികൾ വിപണി വിൽപ്പന വിലയെക്കാൾ 30% വരെ വിലക്കുറവിൽ വിറ്റഴിക്കുകയും ചെയ്യുന്നു. തന്മൂലം കർഷകർക്ക് ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിനൊപ്പം പൊതുജനങ്ങൾക്ക് കുറഞ്ഞ വിലയ്ക്ക് ഉൽപ്പന്നങ്ങൾ വാങ്ങുവാനും സാധിക്കുന്നു. |
| (ബി) | ഹോർട്ടികോർപ്പ് വഴി കുറ്റ്യാടി മണ്ഡലത്തിൽ എത്ര കർഷകസംഘങ്ങളുടെ പച്ചക്കറി ശേഖരിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | വേങ്ങേരി അഗ്രികൾച്ചറൽ ഹോൾസെയിൽ മാർക്കറ്റിൽ നടത്തുന്ന പൊതുലേലം വഴിയാണ് ഹോർട്ടികോർപ്പ് കോഴിക്കോട് ജില്ലയിലെ പച്ചക്കറികൾ ശേഖരിക്കുന്നത്. നിലവിൽ കുറ്റ്യാടി മണ്ഡലത്തിലെ കർഷക സംഘങ്ങൾ ഒന്നും ഈ ലേലത്തിൽ പങ്കെടുക്കുന്നില്ല. |
| (സി) | കുറ്റ്യാടി മണ്ഡലത്തിൽ എത്ര ഹോർട്ടികോർപ്പ് മൊബൈൽ സ്റ്റാളുകളും സ്ഥിരമായ സ്റ്റാളുകളും ഉണ്ടെന്ന് വിശദവിവരങ്ങൾ സഹിതം വ്യക്തമാക്കാമോ; | (സി) | കുറ്റ്യാടി നിയമസഭാ മണ്ഡലം പരിധിയിൽ ഹോർട്ടികോർപ്പ് വടകര ഉപകേന്ദ്രത്തിനു കീഴിൽ മൊകേരി, തണ്ണീർപ്പന്തൽ, വില്ല്യാപ്പള്ളി, തോടന്നൂർ എന്നീ സ്വന്തം സ്റ്റാളുകളും തിരുവള്ളൂർ, മയ്യന്നൂർ, കുറന്തോടി, ബാങ്ക്റോഡ് എന്നീ ഫ്രാഞ്ചൈസി സ്റ്റാളുകളും പ്രവർത്തിക്കുന്നു. |
| (ഡി) | ഈ സ്റ്റാളുകളിലൂടെ പഴം-പച്ചക്കറികളുടെ ഏതൊക്കെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിതരണം ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (ഡി) | ഹോർട്ടികോർപ്പ് സ്റ്റാളുകളിലൂടെ സീസൺ സമയത്ത് മറയൂർ ശർക്കര വിറ്റഴിക്കുന്നുണ്ട്. ഇതു കൂടാതെ തേൻ, മൂല്യവർദ്ധിത ഉല്പപന്നങ്ങളായ ചക്ക തേൻ, പൈനാപ്പിൾ തേൻ, ഇഞ്ചി തേൻ, തുടങ്ങിയ ഉല്പന്നങ്ങളും വിപണനം നടത്തി വരുന്നു. |
| (ഇ) | കുടുംബശ്രീ യൂണിറ്റുകളെ ഹോർട്ടികോർപ്പുമായി ബന്ധിപ്പിക്കാനുള്ള പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കുമോ? | (ഇ) | കുടുംബശ്രീ യൂണിറ്റുകളെ ഹോർട്ടികോർപ്പുമായി ബന്ധിപ്പിക്കാനുള്ള പദ്ധതി നിലവിലില്ല. |

സെക്ഷൻ ഓഫീസർ